

WEDNESDAY 03-11-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -03/11/2021

1. കാർഷികമേഖലയിലെ സംരംഭകർക്ക് ദിശാബോധം നൽകുന്നതിനും ആസൂത്രണം, നിർവ്വഹണം, വിപണനം, എന്നിങ്ങനെ സംരംഭകത്വത്തിന്റെ പ്രാഥമിക പാഠങ്ങൾ സ്വായത്തമാക്കുന്നതിനുള്ള പാഠശാല-ഫാംബിസിനസ്സ്സ്കൂൾ (മൂന്നാമത്തെ ബാച്ച്) - കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന്റെ കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നു. പുതിയ സാങ്കേതികവിദ്യകളും ആധുനിക ബിസിനസ്സ്മാനേജ്മന്റ് സങ്കേതങ്ങളും ഉപയോഗിച്ചു ലാഭകരമായ രീതിയിൽ കാർഷികാധിഷ്ഠിത ചെറുകിടസംരംഭങ്ങൾ നടത്താൻ കഴിയുന്ന സംരംഭകരെ വളർത്തിയെടുക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. കോവിഡിന്റെ പശ്ചാത്തലത്തിൽ ആറുദിവസത്തെ ഓൺലൈൻ പരിശീലന പരിപാടിയായിട്ടാണ് ഫാംബിസിനസ്സ് സ്കൂൾ നടത്തുക. കൂടാതെ രണ്ടു ദിവസത്തെ പ്രാക്ടിക്കൽ ക്ലാസുകൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ഓരോ ബാച്ചിലും 20 സംരംഭകർക്കാണ് പരിശീലനം നൽകുന്നത്. ഫാംബിസിനസ്സ് സ്കൂളിന്റെ മൂന്നാമത്തെ ബാച്ച് ഈ മാസം 22 (നവംബർ 22) മുതൽ ആരംഭിക്കുന്നതാണ്. അപേക്ഷകർക്ക് വേണ്ട കുറഞ്ഞ വിദ്യാഭ്യാസയോഗ്യത ഹയർസെക്കറിയാണ്. താൽപര്യമുള്ളവർ ഈ മാസം 15 (നവംബർ 15)നകം അപേക്ഷകൾ നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kau.in /www.cti.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ cti@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ **0487-2371104** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക . തപാൽ വഴി ബന്ധപ്പെടേണ്ട വിലാസം ഇനി പറയുന്നു. പ്രൊഫസർ&ഹെഡ്, സെൻട്രൽ ട്രെയിനിംഗ് ഇന്സ്റ്റിറ്റ്യൂട്ട്, വിജ്ഞാന വ്യാപന ഡറക്ടറേറ്റ്, മണ്ണുത്തി പി.ഒ., തൃശൂർ - 680651.

2. പിറവം വെറ്ററിനറി ഹോസ്പിറ്റൽ കേന്ദ്രീകരിച്ച് പാമ്പാക്കുട ബ്ലോക്കിന്റെ പരിധിയിൽ വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണി വരെ വെറ്ററിനറി ഡോക്ടറുടെ രാത്രികാല വാതിൽപടി സേവനം ആരംഭിച്ചു. ആവശ്യ ഘട്ടങ്ങളിൽ കർഷകന് നേരിട്ട് വെറ്ററിനറി ഡോക്ടറെ **8289964693** എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

3. റബ്ബർ പാലിന്റെ ഉണക്കറബ്ബർ (ഡി.ആർ.സി.) നിർണയം, വിപണനത്തിനുള്ളള റബ്ബറിന്റെ ഗുണമേന്മാപരിശോധന, ജൈവ-രാസവളങ്ങളുടെ പരിശോധന, കുടിവെള്ളത്തിന്റെ ഗുണമേന്മാപരിശോധന

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുടങ്ങി റബ്ബർബോർഡിന്റെ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി നൽകുന്ന സേവനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (നവംബർ 3-ന്) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ ചുമതല വഹിക്കുന്ന സീനിയർ സയന്റിസ്റ്റ് മറുപടി പറയും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

4. മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിവരുന്ന **മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ്** എന്ന പദ്ധതി എറണാകുളം ജില്ലയിൽ നടപ്പിലാക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ പൂർണ്ണമായും താല്ക്കാലികമായി, എംപ്ലോയ്മെന്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ നിയമനം പൂർത്തീകരിക്കുവാനെടുക്കുന്ന കാലഘട്ടത്തിലേക്ക് പരമാവധി 90 ദിവസത്തേയ്ക്ക് കർഷകർക്ക് ആവശ്യമായ മൃഗചികിത്സാ സേവനങ്ങൾ വാഹനത്തിൽ സ്ഥലത്ത് എത്തി നൽകുന്നതിനു വേണ്ടി വെറ്ററിനറി ഡോക്ടർ, റേഡിയോഗ്രാഫർ, അറ്റന്റന്റ് കം ഡ്രൈവർ എന്നീ തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു. വെറ്ററിനറി ഡോക്ടർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഈ മാസം 5-ന് (5-11-2021) രാവിലെ 11 മണിക്കും റേഡിയോഗ്രാഫർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ 5-ന് (5-11-2021) തീയതി ഉച്ചയ്ക്ക് ശേഷം 2:30 മണിക്കും ഡ്രൈവർ കം അറ്റന്റന്റ് തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഈ മാസം 6-ന് (6-11-2021) രാവിലെ 11 മണിക്കും ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം എറണാകുളം സൗത്ത്, ക്ലബ്ബ് റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. പ്രതിദിനം 8 മണിക്കൂർ ആയിരിക്കും ജോലി സമയം. ആഴ്ചയിൽ ആറ് ദിവസം പ്രവർത്തി ദിവസം ഉണ്ടായിരിക്കും. വിശദ വിവരങ്ങൾക്ക് **0484-2360648** എന്ന ഫോൺ നമ്പറിൽ ഓഫീസ് പ്രവർത്തന സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

5. പത്തനംതിട്ട ജില്ലാ ഐസിഎആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡിൽ വച്ച് ഈ മാസം 8 മുതൽ 11 വരെ (നവംബർ 8 മുതൽ 11 വരെ) രാവിലെ 10.00 മുതൽ **ശാസ്ത്രീയ മുട്ടക്കോഴി വളർത്തൽ – നഴ്സറി**

**പരിപാലനം** എന്ന വിഷയത്തിൽ തൊഴിലധിഷ്ഠിത പരിശീലനം നടത്തപ്പെടുന്നതാണ്. ശാസ്ത്രീയ രീതിയൽ മുട്ടക്കോഴി നഴ്സറി പരിപാലനത്തിനായി ഇൻക്യുബേഷൻ, ബ്രൂഡിങ്ങ്, പ്രതിരോധ കുത്തിവയ്പ്പുകൾ, വിവിധ രോഗങ്ങളും പ്രതിരോധ മാർഗ്ഗങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കൂടാതെ പദ്ധതി തയ്യാറാക്കാൽ, മാലിന്യ നിർമ്മാർജ്ജനം എന്നിവയും പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് 500 രുപയാണ്. താല്പര്യമുള്ളവർ ഈ മാസം **5-ന്** (നവംബർ 05-ന്) മുമ്പായി സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്, ഐസിഎആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, കോളഭാഗം പി.ഒ., തടിയൂർ, തിരുവല്ല-689545 എന്ന വിലാസത്തിലോ **8078572094** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 9,10 (നവംബർ 9,10) തീയതികളിൽ ക്ഷീരകർഷകർക്കായി **ശുദ്ധമായ ക്ഷീരോൽപാദനം** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് അവസരം. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുളളവർക്ക് ഈ മാസം **6-നു** മുമ്പായി **0471-2440911** എന്ന ഫോൺ നമ്പരിൽ വിളിച്ചോ ഓഫീസിൽ നേരിട്ട് ഹാജരായോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ, തിരുവനന്തപുരം-695004 എന്ന മേൽവിലാസത്തിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 0471-2440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

7. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഇന്ന് (നവംബർ 3-ന്) രാവിലെ 10 മുതൽ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നടത്തുന്നു. താൽപ്പര്യമുളളവർ **9188522711** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ, **0469-2965535** എന്ന നമ്പരിലേക്ക് വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 6-ന് (06/11/21ന്) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച്

രാവിലെ 10.00 മുതൽ 4.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരമാവധി 30 പേർക്കായിരിക്കും പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിലേക്ക് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 9, 10 തീയതികളിൽ പശു വളർത്തൽ, 15,16 തീയതികളിൽ മുയൽ വളർത്തൽ, 24,25 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ, 29-ന് പോത്ത് വളർത്തൽ എന്ന വിഷയങ്ങളിൽ പരിശീലനം നടത്തുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം 10-ന് **കോഴി വളർത്തൽ- രോഗങ്ങളും ജൈവസുരക്ഷാ മാർഗ്ഗങ്ങളും, 17-ന് പൂച്ചവളർത്തൽ-ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** എന്നീ വിഷയങ്ങളിൽ **ഓൺലൈൻ** പരിശീലനവും 11-ന് **പോത്തിൻ കുട്ടി വളർത്തൽ** എന്ന വിഷയത്തിൽ **ഇൻക്യാമ്പസ് ട്രെയിനിംഗും** നടത്തുന്നു. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പറിൽ പേരും പരിശീലന വിഷയവും വാട്സാപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം